മനസ്സറിയുക ശരീരവും

ഡോ.(സി.) ഷാലു കോയിക്കര

# കോപത്തിന്റെ യഥാർത്ഥ കാരണങ്ങളും പരിഹാരങ്ങളും

**കൗ**മാരക്കാരുടെ ഇടയിൽ നടത്തിയ ഒരു പഠനത്തിൽ 37.08% കുട്ടികളാണ് പെട്ടെന്നു കോപം വരും എന്നുള്ളത് ഒരു പ്രശ്നമായി അവതരിപ്പിച്ചത്. അതിൽ 28% പേർ സാധനങ്ങൾ നശിപ്പിച്ചോ മറ്റുവിധത്തിലോ കോപം പ്രകടിപ്പിക്കുന്നവരാണ്. 14.6% കുട്ടികൾ പ്രതികാരം മനസ്സിൽ വച്ചു പുലർത്തുന്നവരായിട്ടാണ് പഠനങ്ങൾ തെളിയിച്ചത്.

ബഞ്ചമിൻ ഫ്രാങ്ക്ലിൻ കോപത്തെക്കുറിച്ച് പറയുന്നത് ഇപ്രകാരമാണ്: കോപത്തിന് എപ്പോഴും എന്തെങ്കിലും കാരണമുണ്ട്. വളരെ അപൂർവമായി മാത്രമേ തക്കതായ കാരണമുള്ളു എന്നുമാത്രം. കോപത്തിനുള്ള കാരണങ്ങൾ കണ്ടുപിടിക്കാൻ ശ്രമിക്കുംതോറും അതിന്റെ എണ്ണം കൂടിവരികയേയുള്ളു.

അലബാമ സർവകലാശാലയിലെ മനഃശാസ്ത്രജ്ഞനായ ഡോൾഫ് സീൽമാനിന്റെ അഭിപ്രായത്തിൽ, ഏതു കോപപ്രതികരണത്തിനും പിന്നിലുള്ളത് താൻ അപകടത്തിലായെന്ന ചിന്തയാണ്. ഇത് ശാരീരിക അപകടം മാത്രമല്ല. അതിനെക്കാളുപരി തന്റെ അഭിമാനവും പേരുമൊക്കെ നഷ്ടപ്പെട്ടേക്കും, അല്ലെങ്കിൽ അതിന് കോട്ടം തട്ടിയേക്കും എന്ന തോന്നലുമാകാം.

തനിക്ക് നീതി നിഷേധിക്കപ്പെട്ടു, തന്നോട് അപമര്യാദയായി പെരുമാറി, തന്നെ താഴ്ത്തിക്കെട്ടി സംസാരിച്ചു, തന്റെ ലക്ഷ്യപ്രാപ്തിക്ക് തടസ്സം നില്ക്കുന്നു- ഇങ്ങനെയൊക്കെയുള്ള ചിന്തകളും മനസ്സിനെ വിക്ഷുബ്ധമാക്കും. കൗമാരക്കാരുടെ കാര്യത്തിലും ഇത് ശരിയാണ്. ഉദാഹരണത്തിന് ഒരു പുതിയ ബൈക്ക് വാങ്ങിക്കൊടുക്കാൻ ആവശ്യപ്പെടുന്ന കൗമാരക്കാരൻ, അത് നിഷേധിക്കപ്പെടുമ്പോൾ കോപത്തോടെ ആയിരിക്കും പ്രതികരിക്കുക. ഇവിടെ എന്താണ് സംഭവിക്കുന്നത്? കൂട്ടുകാരുടെ ഒപ്പം ബൈക്കിൽ കറങ്ങി നടക്കണമെന്ന തന്റെ ലക്ഷ്യം നേടാനാവില്ലെന്ന് അവൻ മനസ്സിലാക്കുന്നു. തന്റെ ആഗ്രഹപൂർത്തീകരണത്തെ നിരസിക്കുന്ന മാതാപിതാക്കൾ തന്നെയും നിരസിക്കുന്നു എന്ന അനുഭവം അവനുണ്ടാകുന്നു. ഇത് കോപം ജനിപ്പിക്കുന്നു.

കോപത്തിന് മുന്നോടിയായി രണ്ടുതരത്തിലുള്ള പ്രവർത്തനങ്ങളാണ് തലച്ചോറിലുണ്ടാകുന്നത്. ചെവിയിൽ നിന്ന് തലാമസിലെത്തിയ വിവരങ്ങൾ നേരിട്ട് അമിഗ്ഡാലയിലേക്ക് എത്തുമ്പോൾ പെട്ടെന്നുള്ള പ്രതികരണം ഉണ്ടാകുന്നു. രണ്ടാമത് തലാമസിൽ നിന്ന് വിവരം നിയോകോർട്ടക്സിലെത്തുകയും അവിടെനിന്ന് വിശകലനശേഷം അമിഗ്ഡാലയിലെത്തുകയും ചെയ്യുന്നു. ആദ്യത്തെ പ്രതികരണം പെട്ടെന്നു ശമിക്കുമ്പോൾ രണ്ടാമത്തേതാകട്ടെ കൂടുതൽ സമയം നീണ്ടുനില്ക്കുന്നു. ഇതിന്റെ പ്രത്യാഘാതം പൂർണമായില്ലാതാകുന്നതിനു മുമ്പ് മറ്റെന്തെങ്കിലും സംഭവിച്ചാൽ അതിനോടുള്ള പ്രതികരണം ആദ്യത്തേതിലും ഗൗരവമുള്ളതായിരിക്കും. അതുകൊണ്ടു മിക്കപ്പോഴും നിഷേധാത്മക രീതിയിൽ പെരുമാറുന്ന കൗമാരക്കാർ കൂടുതൽ കോപപ്രകൃതിയുള്ള




ചിന്തയും വികാരങ്ങളും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ഒരു സാഹചര്യത്തെക്കുറിച്ചോ ഒരു വ്യക്തിയെക്കുറിച്ചോ നിങ്ങൾ എന്തു ചിന്തിക്കുന്നോ എന്തു മനസ്സിലാക്കുന്നോ, അതനുസരിച്ച് അനുഭവപ്പെടുന്ന വികാരത്തിനും മാറ്റം വരും. ഉദാഹരണത്തിന് നിങ്ങൾ ഒരു അധ്യാപികയാണെങ്കിൽ നിങ്ങളുടെ ക്ലാസ്സിലെ ഒരു കുട്ടി നിങ്ങൾ പറഞ്ഞതനുസരിച്ച് ഹോംവർക്ക് ചെയ്തുകൊണ്ടു വരാതിരിക്കുകയും അതു മനഃപൂർവമാണെന്ന് നിങ്ങൾ വിചാരിക്കുകയും ചെയ്താൽ നിങ്ങൾക്കു ആ കുട്ടിയോടു ഇഷ്ടക്കേട് തോന്നും. നേരെ മറിച്ച് ആ കുട്ടിയുടെ വീട്ടിലെ പ്രത്യേക സാഹചര്യങ്ങൾകൊണ്ടാണ് അത് സംഭവിച്ചത് എന്നു മനസ്സിലാക്കുമ്പോൾ നിങ്ങൾക്ക് അനുകമ്പയും സ്നേഹവുമായിരിക്കും തോന്നുന്നത്.

> "കോപത്തിന് എപ്പോഴും എന്തെങ്കിലും കാരണമുണ്ട്. വളരെ അപൂർവമായി മാത്രമേ തക്കതായ കാരണമുള്ളു എന്നുമാത്രം. കോപത്തിനുള്ള കാരണങ്ങൾ കണ്ടുപിടിക്കാൻ ശ്രമിക്കുംതോറും അതിന്റെ എണ്ണം കൂടിവരികയേയുള്ളു."
>
> – ബഞ്ചമിൻ ഫ്രാങ്ക്ലിൻ

> "ഏതു കോപപ്രതികരണത്തിനും പിന്നിലുള്ളത് താൻ അപകടത്തിലായെന്ന ചിന്തയാണ്. ഇത് ശാരീരിക അപകടം മാത്രമല്ല. അതിനെക്കാളുപരി തന്റെ അഭിമാനവും പേരുമൊക്കെ നഷ്ടപ്പെട്ടേക്കും, അല്ലെങ്കിൽ അതിന് കോട്ടം തട്ടിയേക്കും എന്ന തോന്നലുമാകാം."
>
> – ഡോൾഫ് സീൽമാൻ

## കൗമാരക്കാർ കോപത്തിനടിമകളാകുന്നത് എന്തുകൊണ്ട്?

**കൗ**മാരക്കാരുടെ ശരീരത്തിലും മനസ്സിലുമുണ്ടാകുന്ന മാറ്റങ്ങൾ അവർക്ക് അംഗീകരിക്കാൻ പറ്റാത്തവയായിരിക്കും. പ്രവർത്തനരഹിതമായിരുന്ന ഗ്രന്ഥികൾ പ്രവർത്തനനിരതമാകുന്നതോടെ ഹോർമോണുകളുടെ അളവിൽ വ്യത്യാസം വരുന്നു. അവയുടെ പ്രവർത്തനങ്ങളും അവരിൽ മാറ്റം സൃഷ്ടിക്കുന്നു.

മറ്റുള്ളവർ തന്നെ അംഗീകരിക്കുന്നില്ലെന്ന ചിന്ത പലപ്പോഴും അവരെ അലട്ടുന്നുണ്ടാകും. തങ്ങളുടെ ഇഷ്ടമനുസരിച്ചെല്ലാം കാര്യങ്ങൾ ചെയ്യാൻ സാധിക്കാതെ വരുന്നത് അവർക്ക് ബുദ്ധിമുട്ടുണ്ടാക്കും. മാറിക്കൊണ്ടിരിക്കുന്ന മാനസ്സികാവസ്ഥയെ എങ്ങനെ കൈകാര്യം ചെയ്യണമെന്നറിയില്ല.

ഉറ്റ സുഹൃദ്ബന്ധങ്ങളില്ലാത്തതിന്റെയോ സുഹൃദ്ബന്ധം പ്രശ്നങ്ങൾകൊണ്ട് കലുഷിതമായിരിക്കുന്നതിന്റെയോ ബുദ്ധിമുട്ടുണ്ടാകാം അവർക്ക്. ഇങ്ങനെ ഒട്ടനവധി പ്രശ്നങ്ങൾ കൗമാരപ്രായത്തിലേക്കു കടക്കുന്നതോടെ തരണം ചെയ്യേണ്ടിവരുന്നു. പഠനവും സുഹൃദ്ബന്ധങ്ങളും മനസ്സിന്റെ പുതിയ ആഗ്രഹങ്ങളും എല്ലാം കൂടി ഏകോപിപ്പിച്ചുകൊണ്ടുപോവുക എളുപ്പമല്ലാതായിത്തീരുന്നു. അതുകൊണ്ട് പലപ്പോഴും മനസ്സ് കലുഷിതമാവുകയും മറ്റുള്ളവരോട് കോപത്തോടെ പ്രതികരിക്കാൻ ഇടവരികയും ചെയ്യുന്നു.

## കോപത്തിന് പരിഹാരം

**ചി**ന്തയും വികാരങ്ങളും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ഒരു സാഹചര്യത്തെക്കുറിച്ചോ ഒരു വ്യക്തിയെക്കുറിച്ചോ നിങ്ങൾ എന്തു ചിന്തിക്കുന്നോ എന്തു മനസ്സിലാക്കുന്നോ, അതനുസരിച്ച് അനുഭവപ്പെടുന്ന വികാരത്തിനും മാറ്റം വരും.

ഉദാഹരണത്തിന് നിങ്ങൾ ഒരു അധ്യാപികയാണെങ്കിൽ നിങ്ങളുടെ ക്ലാസ്സിലെ ഒരു കുട്ടി നിങ്ങൾ പറഞ്ഞതനുസരിച്ച് ഹോംവർക്ക് ചെയ്തുകൊണ്ടു വരാതിരിക്കുകയും അതു മനഃപൂർവമാണെന്ന് നിങ്ങൾ വിചാരിക്കുകയും ചെയ്താൽ നിങ്ങൾക്കു ആ കുട്ടിയോടു ഇഷ്ടക്കേട് തോന്നും.

നേരേ മറിച്ച് ആ കുട്ടിയുടെ വീട്ടിലെ പ്രത്യേക സാഹചര്യങ്ങൾകൊണ്ടാണ് അത് സംഭവിച്ചത് എന്നു മനസ്സിലാക്കുമ്പോൾ നിങ്ങൾക്ക് അനുകമ്പയും സ്നേഹവുമായിരിക്കും തോന്നുന്നത്.

അർനോൾഡ് എല്ലിസിന്റെ പഠനമനുസരിച്ച് പ്രചോദനത്തിൽ നിന്ന് വിവരങ്ങൾ ആദ്യം സെറിബ്രൽ കോർട്ടക്സിലെത്തുന്നു. അവിടെ അതു വ്യാഖ്യാനിക്കപ്പെടുകയും അനുഭവപ്പെടുകയും ചെയ്യുന്നു. അതിനുശേഷം ഒട്ടോണമസ് നാഡീവ്യൂഹത്തിലേക്ക് സന്ദേശം കൊടുക്കപ്പെടുകയും അതനുസരിച്ച് വ്യക്തിക്ക് ശരീരത്തിൽ മാറ്റങ്ങൾ അനുഭവപ്പെടുകയും ചെയ്യുന്നു.

ലാസറസിന്റെ തത്ത്വമനുസരിച്ച് ഏതെങ്കിലുമൊരു സംഭവം നമുക്കു വരുത്തിവയ്ക്കാവുന്ന നന്മയെയൊ തിന്മയെയോ അനുസരിച്ചായിരിക്കും അതിനെ നാം വിലയിരുത്തുന്നത്. അതിന്റെ വെളിച്ചത്തിലായിരിക്കും നാം അനുഭവിക്കുന്ന വികാരങ്ങളിൽ മാറ്റം വരുന്നത്. ശാരീരിക പ്രതികരണങ്ങൾ ചിന്തയുടെ പിന്നാലെ വരുന്നു. ഉദാഹരണത്തിന് ഒരു ടീച്ചറെ കാണുമ്പോൾ അവർക്ക് തന്നോടിഷ്ടമില്ലെന്ന് വിചാരിക്കുന്ന കുട്ടിക്കു കോപമോ പേടിയോ അനുഭവപ്പെടും. അതനുസരിച്ചുള്ള ശാരീരിക പ്രതികരണങ്ങളും ആ കുട്ടിയിൽ ഉണ്ടാകും.

ശാരീരിക പ്രതികരണങ്ങളായി ഉണ്ടാകാവുന്നത് ഹൃദയമിടിപ്പുകൂടുക, ശ്വാസോച്ഛ്വാസം വർധിക്കുക, വിയർക്കുക, കണ്ണിന്റെ കൃഷ്ണമണി കൂടുതൽ വികസിക്കുക, വയറ്റിൽ എരിച്ചിൽ ഉണ്ടാകുക തുടങ്ങിയവയാണ്. ഇതിൽ നിന്നെല്ലാം വ്യക്തമാവുന്നത് വികാരങ്ങളുടെമേൽ ആധിപത്യമുണ്ടാകണമെങ്കിൽ നിഷേധാത്മകചിന്തകളെ കഴിവതും ഒഴിവാക്കണമെന്നാണ്. മാത്രമല്ല ക്രിയാത്മകമായി ചിന്തിക്കാൻ മനസ്സിനെ പരിശീലിപ്പിക്കേണ്ടതും കോപം ഉൾപ്പെടെയുള്ള അനാരോഗ്യകരമായ വികാരങ്ങളെ അകറ്റാൻ അനിവാര്യമാണ്.



CYAN MAGENTA YELLOW BLACK

## ചുവരെഴുത്തുകൾ

ശ്വേതകേതു

# ഇന്നുഭാഷയതപൂർണമിങ്ങഹോ
# വന്നുപോംപിഴയുമർത്ഥശങ്കയാൽ

**ബ**ഹുസ്വരതയാർന്ന ഒരു രൂപകത്തിന്റെ തന്മയീഭാവം ധ്വനിസാന്ദ്രമായ ലക്ഷ്യം കൈവരിക്കുമ്പോൾ അതുചെന്ന് പതിക്കുന്നിടത്തു നിന്നു ലഭിക്കുന്ന പ്രതികരണം വിക്ഷേപകനെ വൈകാരികമായും മാനസ്സികമായും വിവശനാക്കാം. പ്രേഷിതമെന്തായാലും, നിവാതകവചങ്ങൾ തകർക്കുന്ന ക്രൂരമ്പാവുന്നെങ്കിൽ ശത്രുപാളയത്തിലേക്കാവും ഇരുപക്ഷവും നിരങ്ങി നീങ്ങുക! അത്തരത്തിൽ അക്ഷമയുടെ മുനകൂർപ്പിച്ച വിദ്വേഷത്തിന്റെ ശൂലമേന്തിയവർക്ക് കലിയടങ്ങാത്ത പടയണി സാംസ്കാരിക കേരളം കണ്ണു നിറയെ കാണുകയാണ്. അച്യുതാനന്ദനും അഴീക്കോടുമായും, ടി.വി. ചന്ദ്രനും അടൂർ ഗോപാലകൃഷ്ണനും തമ്മിലും. എന്തിനുവേണ്ടി?

ഡോ. സുകുമാർ അഴീക്കോടുമായി എ.കെ. അബ്ദുൾ ഹക്കീം നടത്തിയ അഭിമുഖം മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പരസ്യപ്പെടുത്തി വന്നതോടെയാണ് വിവാദത്തിന്റെ ആരംഭം. ഇതോടെയാണ് നേതൃത്വവും അനുയായികളും പാർട്ടിക്കൊരു സുപ്പീരിയർ അഡ്വൈസർ ഉണ്ടെന്നറിഞ്ഞതും!




> 'ഇത്രയും ചെറുപ്പത്തിൽ ശതാഭിഷിക്തരായവർ അധികമൊന്നുമുണ്ടാവില്ല നമ്മുടെ പരിചയത്തിൽ. പ്രാസംഗികനായി മാത്രം മാസത്തിൽ ഒമ്പതിനായിരത്തിലധികം കിലോമീറ്റർ യാത്ര ചെയ്യുന്ന യുവാവാണ് എൺപത്തിനാലാമത്തെ വയസ്സിലും ഡോ. സുകുമാർ അഴീക്കോട്,' അഭിമുഖക്കാരന്റെ ആമുഖത്തിൽ നിന്നുള്ളതാണിത്. അതിലൊരിടത്ത് സ്ഫോടകശേഷിയുള്ള വാക്കുകൾ കൊണ്ടു വീരനായകനായും വിവാദപുരുഷനായും കൈരളിയെ പ്രകമ്പനം കൊള്ളിക്കുന്ന ആളെന്ന വിശേഷണവുമുണ്ട്.

'ഇത്രയും ചെറുപ്പത്തിൽ ശതാഭിഷിക്തരായവർ അധികമൊന്നുമുണ്ടാവില്ല നമ്മുടെ പരിചയത്തിൽ. പ്രാസംഗികനായി മാത്രം മാസത്തിൽ ഒമ്പതിനായിരത്തിലധികം കിലോമീറ്റർ യാത്ര ചെയ്യുന്ന യുവാവാണ് എൺപത്തിനാലാമത്തെ വയസ്സിലും ഡോ. സുകുമാർ അഴീക്കോട്,' അഭിമുഖക്കാരന്റെ ആമുഖത്തിൽ നിന്നുള്ളതാണിത്. അതിലൊരിടത്ത് സ്ഫോടകശേഷിയുള്ള വാക്കുകൾ കൊണ്ടു വീരനായകനായും വിവാദപുരുഷനായും കൈരളിയെ പ്രകമ്പനം കൊള്ളിക്കുന്ന ആളെന്ന വിശേഷണവുമുണ്ട്.

ടിയാനിൽ നിന്ന് ഹക്കീമും മാതൃഭൂമിയും പ്രതീക്ഷിച്ചതും മറ്റൊന്നല്ല. രാഷ്ട്രീയ രംഗത്തെ ഭരണവും ഉപജാപങ്ങളുമടക്കം എല്ലാറ്റിനെയും അതിന്റെ തനതുഭാവത്തിൽ വിലയിരുത്തുന്ന അഴീക്കോട് ഹൈന്ദവസംഘടനകളെയും മതധർമത്തെയും ചോദ്യം ചെയ്യുന്നുമുണ്ട്. തെരഞ്ഞെടുപ്പ് ഫലം പുറത്തുവന്നപ്പോൾ മുഖ്യമന്ത്രി അച്യുതാനന്ദൻ ചിരിച്ചത് അപഹാസ്യമായിരിക്കെ, അതിനൊരു പുനരാഖ്യാനം ആവശ്യപ്പെടുകയാണ് അഭിമുഖകാരൻ. സാധൂകരണം അനുബന്ധമായി ഉരുവിടുകയാണ് അഴീക്കോടും.

പാർട്ടിയാണോ തോറ്റത്? പാർട്ടിയുടെ ഇപ്പോഴത്തെ നയസമീപനത്തോടുള്ള താത്ക്കാലിക പ്രതികരണം മാത്രമല്ലേ ഇപ്പോഴത്തെ ഇലക്ഷൻ റിസൽട്ട്? ന്യായമായ ചോദ്യത്തിന് വ്യക്തമായ ഉത്തരം: ഈ പാർട്ടിയിൽ തന്നെയാണല്ലോ ഇപ്പോഴും വിഎസ് നില്ക്കുന്നത്. ഇയാളുടെ ചിരി ലോകദൃഷ്ടിയിൽ പാർട്ടിക്ക് പിന്നെയും ക്ഷീണമല്ലേ ഉണ്ടാക്കുക. അവനവനിരിക്കുന്ന കൂട്ടിൽ വിസർജിക്കരുത് എന്നത് എല്ലാവരും മനസ്സിലാക്കേണ്ട വലിയൊരു വാചകമാണ്. എന്നാൽ കൂട്ടിൽ വിസർജിക്കുന്നത് പട്ടിയാണെന്നാണ് വിഎസിന്റെ അനുമാനം. അപകടമുണ്ടാക്കിയതും അതാണ്.

തന്നെക്കുറിച്ച് സുകുമാർ അഴീക്കോട് നടത്തിയ പരാമർശങ്ങൾക്ക് മറുപടി പറയാൻ സംസ്കാരം അനുവദിക്കുന്നില്ലെന്നായിരുന്നു അച്യുതാനന്ദനന്റെ ആദ്യ പ്രതികരണം. ഓരോരുത്തരും അവരവരുടെ സംസ്കാരം അനുസരിച്ചാണ് അഭിപ്രായ പ്രകടനം നടത്തുന്നത്. മുഖ്യമന്ത്രി വാച്യാർത്ഥത്തിനുമപ്പുറം കാണാത്ത ഹ്രസ്വദൃഷ്ടിയായി അധഃപതിച്ചതിൽ സങ്കടമുണ്ടെന്നും, രണ്ടു പുസ്തകമെഴുതിയ അച്യുതാനന്ദന് സാഹിത്യഭാഷ മനസ്സിലാകുന്നില്ല എന്നത് കഷ്ടമാണെന്നുമാണ് അഴീക്കോടിന്റെ അഭിപ്രായം.

പകയുടെയും വിദ്വേഷത്തിന്റെയും വിഷമതകൾ സൃഷ്ടിച്ച രൂപകാതിശയോക്തിയിൽ തട്ടി, രണ്ടു വ്യക്തിത്വങ്ങൾ സംസ്കാരവും പാരമ്പര്യവും പറഞ്ഞു പുലയാട്ടു നടത്തുമ്പോൾ ലജ്ജിക്കുകയാണ് കേരള സമൂഹം. ഇപ്പോൾ പ്രോസിക്യൂഷൻ അനുമതി ഗവർണർ കൊടുത്തതുകണ്ട് ചിരിക്കാൻ വിഎസിനോട് അഭ്യർത്ഥിക്കുന്ന ക്രൂരഫലിതക്കാരൻ, അത് ആരുടെ മുഖത്തുനോക്കിയാണെന്നും വിശദമാക്കേണ്ടിയിരുന്നു.

"ജീവിതത്തിന്റെ അന്ത്യകാലം നേരിടുവാൻ പോകുന്ന ആളുകൾ, തങ്ങൾ സ്നേഹിക്കുന്ന വ്യക്തികളോട് തങ്ങൾക്ക് അഭേദം കല്പിച്ചുകൊണ്ട് തങ്ങളുടെ ശരീരാംശങ്ങൾ അവരിൽ വിലയം പ്രപിക്കുന്നതായി ചെയ്യാറുള്ള വിഭാവനം സാഹിത്യലോകത്തിൽ വളരെ പഴയ ഒരേർപ്പാടാണ്". ഇത്തരത്തിൽ അനിഷേധ്യമായ ഒതു തത്ത്വം ആശാന്റെ സീതാകാവ്യപഠനത്തിൽ നിബന്ധിച്ച സുകുമാർ അഴീക്കോട് സ്വകപോലകല്പിതമായ ഭേദചിന്തകളെ ഇപ്പോൾ ആശിർവദിക്കുന്നതിന്റെ ന്യായമെന്താണ്?

നടപ്പുകാല രാഷ്ട്രീയത്തെ - ഭരണത്തെയും - നല്ല നടപ്പിനു വിധിക്കുന്ന സാംസ്കാരിക നായകന്മാർ അവരുടെ വിവേചനാധികാരത്തെ സൗകര്യപൂർവം ഏതെല്ലാം കൂടാരത്തിലേക്ക് കയറ്റിവിട്ടിരിക്കുന്നു! തങ്ങൾക്ക് ചൊരുക്കു തോന്നുന്നതെല്ലാം അപരന്ന് സുഖം കൊടുക്കുന്നതിലുള്ള അമർഷമേ ഇവർക്കുള്ളൂ.

രാഷ്ട്രീയവും ഭരണവും അഴിമതി വിമുക്തമാക്കാൻ രൂപംകൊണ്ട അക്രമരഹിത സാംസ്കാരികവേദിക്ക് എന്തു സംഭവിച്ചു? പുതിയ ദൗത്യവുമായി കടന്നുവന്ന നവഭാരതവേദി പൊളിച്ചടുക്കിയത് ആരാണ്? സാംസ്കാരിക നായകന്മാർ ഇരിപ്പുറപ്പിച്ചിടത്ത് ചെകുത്താൻ പോലും എത്തിനോക്കുന്നില്ലെന്ന യാഥാർത്ഥ്യം സ്വാർത്ഥമോഹം ജന്മാവകാശമാക്കിയ സാംസ്കാരികനോളം അറിയുന്ന മറ്റാരുണ്ട്?

സംസ്കാരത്തെ മോചിപ്പിക്കാൻ പ്രസ്താവനയ്ക്ക് താഴെ ഒപ്പുവച്ച് ശീലിച്ചവർ യുഡിഎഫ് ഭരണകാലത്ത് ജാഗ്രത്താവും; ഇടതുഭരണകാലത്ത് പ്രതികരണശേഷി നഷ്ടപ്പെട്ട് സുഷുപ്തിയിലും! കുട്ടികൃഷ്ണമാരാരുടെ നിഷ്പക്ഷ നിരൂപണ വിരോധത്തെ പക്ഷപാതവാദമായി കാണുന്ന ഡോ. സുകുമാർ അഴീക്കോട് (മലയാള സാഹിത്യവിമർശം) ചേരിചേരാനയത്തിൽ വിശ്വാസം നഷ്ടപ്പെട്ടതോടെ പ്രതിഭയുടെ അരക്കുനൂലുപൊട്ടി ബൗദ്ധികമായ തകർച്ച നേരിടുകയാണ്.

>> 18

## അറിയേണ്ടും വാർത്തകൾ

### ഒരൂണിന് നൂറു ഡോളർ!

### ലുവാണ്ട 'ഏറ്റവും ചെലവേറിയ' നഗരം



**അ**ങ്കോളയുടെ തലസ്ഥാനമായ ലുവാണ്ട ലോകത്തെ ജീവിതച്ചെലവ് ഏറ്റവും ഉയർന്ന സിറ്റിയാണെന്ന് സർവേ ഫലം. ഹ്യൂമൻ റിസോഴ്സസ് ഏജൻസിയായ ഇ.സി.എ. ഇന്റർനാഷണൽ കഴിഞ്ഞ വർഷം നടത്തിയ സർവേയിലും ലുവാണ്ട തന്നെയായിരുന്നു ഒന്നാമത്.

ഒരു സാധാരണ ഊണിന് ലുവാണ്ടയിൽ നല്കേണ്ടത് നൂറു ഡോളർ. അതായത് ഏകദേശം 4650 രൂപ. തരക്കേടില്ലാത്ത ഒരു വീടു ലഭിക്കണമെങ്കിലോ, മാസവാടക 15,000 ഡോളർ! പക്ഷേ മറ്റൊരു യാഥാർത്ഥ്യം, ബഹുഭൂരിപക്ഷം അങ്കോളൻ ജനതയും ദാരിദ്ര്യത്തിലാണ് ജീവിക്കുന്നത് എന്നതാണ്. ഉയർന്ന ചെലവിന്റെ ഭാരം ഏറ്റവും കൂടുതൽ അനുഭവിക്കുന്നതാകട്ടെ ലുവാണ്ടയിൽ ജോലി ചെയ്യുന്ന വിദേശികളും.

എണ്ണ സമ്പന്നമായ അങ്കോള, പക്ഷേ സാമ്പത്തികമായും മറ്റും പുനഃസ്ഥാപിതമാകുന്നതേയുള്ളൂ. നീണ്ട 27 വർഷത്തെ ആഭ്യന്തരസംഘർഷവും യുദ്ധവും ഈ രാജ്യത്തെ അത്രകണ്ട് തകർത്തു തരിപ്പണമാക്കിയിരിക്കുന്നു. മിക്കവാറും എല്ലാ വസ്തുക്കളും ഇറക്കുമതി ചെയ്യുകയാണ്. അതാണ് ഇത്രയധികം ചെലവ് വർധനവിന് പ്രധാനകാരണം. അങ്കോളക്കാരിൽ 60 ശതമാനം പേരുടെയും ഒരുദിവസത്തെ ശരാശരി വരുമാനം രണ്ടു ഡോളറിൽ താഴെമാത്രം!

ടോക്കിയോ, നഗോയ, യോക്കോഹാമ, കോംബെ തുടങ്ങിയവയാണ് ലുവാണ്ടയ്ക്ക് തൊട്ടുപിന്നാലെയുള്ളത്. ആഫ്രിക്കൻ രാജ്യമായ ലെസേത്തോയുടെ തലസ്ഥാനമായ മസേരുവാണ് ലോകത്തെ ജീവിതച്ചെലവ് ഏറ്റവും കുറഞ്ഞ നഗരം.

ലോകത്തിലെ വിവിധഭാഗങ്ങളിലായി 370 സിറ്റികളിലെ സാധനങ്ങളുടെ വിലയും മറ്റ് ജീവിതച്ചെലവുകളും കണക്കിലെടുത്തായിരുന്നു സർവേ.

*** *** ***

### സിഐഎ ഉറപ്പിച്ചു പറയുന്നു; ബിൻ ലാദൻ പാകിസ്ഥാനിൽ തന്നെ



**അ**ൽഖയ്ദ തലവൻ ഒസാമ ബിൻലാദൻ പാകിസ്ഥാനിൽ തന്നെ ഉണ്ടെന്ന് അമേരിക്കൻ രഹസ്യാന്വേഷണ വിഭാഗമായ സെൻട്രൽ ഇന്റലിജൻസ് ഏജൻസി (സിഐഎ) യുടെ ഡയറക്ടർ ലിയോൺ പെനേറ്റ ഉറപ്പിച്ചു പറയുന്നു.

അഫ്ഗാൻ അതിർത്തിയോടു ചേർന്ന ഗോത്രമേഖലയിലാണ് ലാദന്റെയും കൂട്ടാളികളുടെയും സങ്കേതങ്ങൾ. ഇത് വ്യക്തമായി നിർണയിക്കാനുള്ള അന്വേഷണങ്ങൾ സിഐഎയുടെ തന്നെ മേല്നോട്ടത്തിൽ പ്രദേശത്ത് നടക്കുന്നുണ്ട്.

അമേരിക്കയുടെ ഏറ്റവും വലിയ ശത്രുവായി അൽഖയ്ദ തുടരുന്നു. ബിൻലാദനെ പിടികൂടുക എന്നതു തന്നെയാണ് തങ്ങളുടെ പ്രഥമപരിഗണനാവിഷയം. പാകിസ്ഥാനിലെ വസീറിസ്ഥാനാണ് ലോകത്തിലെ ഏറ്റവും അപകടകരമായ മേഖല. കൊടുംഭീകരരുടെ സുരക്ഷിതതാവളമായി ഈ പ്രദേശം ഇപ്പോഴും വർത്തിക്കുന്നതായും ലിയോൺ പെനേറ്റ പറഞ്ഞു.

എന്നാൽ ബിൻലാദൻ തങ്ങളുടെ രാജ്യത്തിന്റെ അതിർത്തിക്കുള്ളിലില്ലെന്നും അത്തരത്തിലുള്ള ഒരു സൂചനപോലും ലഭിച്ചിട്ടില്ലെന്നുമാണ് പാകിസ്ഥാന്റെ ഔദ്യോഗിക നിലപാട്.

CYAN MAGENTA YELLOW BLACK

ഫ്ളാഷ് ബാക്ക്

തേക്കിൻകാട് ജോസഫ്

# ബഷീറും പ്രേമകുരുക്കളും

അറുപതുകളുടെ ആദ്യപാദത്തിലാണ് ഞാൻ ബഷീറിനെ വായിക്കാൻ തുടങ്ങിയത്. ബഷീർക്കഥാപാത്രങ്ങളും ബഷീറിയൻ ശൈലിയും അതിവേഗം എന്നെ കീഴടക്കി. നാല്ക്കവലകളിലും സഞ്ചാരപഥങ്ങളിലും ആൾക്കൂട്ടത്തിനിടയിൽ മജീദിനെയും സുഹറയെയും മണ്ടൻ മുത്തപ്പയെയും പൊൻകുരിശു തോമായെയും പാത്തുമ്മയെയും അവളുടെ അനശ്വരയായ ആടിനെയും തെരഞ്ഞുതുടങ്ങി.

ബഷീറിന്റെ അയത്നലളിതമായ രചനാശൈലിയും ആർജവമുള്ള കഥാസന്ദർഭങ്ങളും കഥാസന്ദർഭത്തിനൊപ്പം അനുവാചകനെ കൂട്ടിക്കൊണ്ടുപോകാനുള്ള അത്യപൂർവമായ മാന്ത്രികസിദ്ധിയും എന്നെ ബഷീർ സാഹിത്യത്തിന്റെ ആരാധകനാക്കി മാറ്റാൻ അധികകാലം വേണ്ടിവന്നില്ല. അക്കാലത്തെ കൗമുദിവാരികയും അതിന്റെ പത്രാധിപർ കെ. ബാലകൃഷ്ണനും ബഷീർ ആരാധനയ്ക്ക് കൂടുതൽ തുറവി തന്നു.

കൗമുദി ഓണം വിശേഷാൽപ്രതി കാണാനും അതിലെ ബഷീർക്കഥ വായിക്കാനും ഓണക്കാലത്ത് ഉറങ്ങാത്ത രാത്രികൾ. കഥ എഴുതാതെ, അതിനു കഴിയുന്നില്ലെന്നു കാണിച്ച് പത്രാധിപർക്കെഴുതിയ ബഷീർക്കത്ത് വായിച്ചാലും ആത്മസംതൃപ്തിയടയുന്ന കാലം. പാത്തുമ്മയുടെ ആടും ബാല്യകാലസഖിയും അനുരാഗത്തിന്റെ ദിനങ്ങളും പലവട്ടം വായിച്ച് എഴുത്തിന്റെ മാന്ത്രികനെ മനസ്സിൽ പൂജിച്ചു. വീട്ടിൽ നിന്ന് ഉച്ചഭക്ഷണത്തിനു കിട്ടുന്ന കാശുകൊടുത്ത് ബഷീറിന്റെ കഥയുള്ള വാരിക വാങ്ങും.

അന്ന് ബഷീർ ബേപ്പൂരിലേക്ക് താമസം മാറ്റിയിരുന്നു. മീഡിയ ബഷീറിനെ 'ബേപ്പൂർ സുൽത്താനാ'യി വാഴിച്ചു ഫീച്ചറുകൾ



**ബഷീറിന്റെ അയത്നലളിതമായ രചനാശൈലിയും ആർജവമുള്ള കഥാസന്ദർഭങ്ങളും കഥാസന്ദർഭത്തിനൊപ്പം അനുവാചകനെയും കൂട്ടിക്കൊണ്ടുപോകാനുള്ള അത്യപൂർവമായ മാന്ത്രികസിദ്ധിയും എന്നെ ബഷീർ സാഹിത്യത്തിന്റെ ആരാധകനാക്കി മാറ്റാൻ അധികകാലം വേണ്ടിവന്നില്ല. അക്കാലത്തെ കൗമുദിവാരികയും അതിന്റെ പത്രാധിപർ കെ. ബാലകൃഷ്ണനും ബഷീർ ആരാധനയ്ക്ക് കൂടുതൽ തുറവിതന്നു.**

തയ്യാറാക്കുന്ന കാലമാണ്.

സുൽത്താനുമായി പരിചയപ്പെടാനും സുൽത്താന്റെ സാമ്രാജ്യം കാണാനും കോളജ് പഠനകാലത്ത് പലപ്പോഴും ആഗ്രഹിച്ചിരുന്നെങ്കിലും നടന്നില്ല. അങ്ങനെയിരിക്കെയാണ് ദീപിക വാർഷികപ്പതിപ്പിന്റെ പത്രാധിപരായി ചുമതലയേല്ക്കുന്നത്. നാലഞ്ചുവർഷം കഴിഞ്ഞ് 'സ്വതന്ത്രചുമതല' കിട്ടിയപ്പോൾ ചിന്തിച്ചു: ബഷീറിന്റെ ഒരു കഥ കിട്ടിയാൽ അതിന്റെ 'ക്രെഡിറ്റ്' സ്വന്തമാക്കാം. ചീഫ് എഡിറ്ററുടെ മുന്നിൽ തലയുയർത്തി നില്ക്കാം.

ബഷീർ അന്ന് അതിപ്രശസ്തൻ. അധികം എഴുതുന്നില്ല. എഴുതിയാൽ തന്നെ മാതൃഭൂമിയിലോ കലാ കൗമുദിയിലോ കുങ്കുമത്തിലോ ആണ് കൊടുക്കുക. മാതൃഭൂമിയിൽ എംടിയും കലാ കൗമുദിയിൽ കള്ളിക്കാട് രാമചന്ദ്രനും കുങ്കുമത്തിൽ വൈക്കം ചന്ദ്രശേഖരൻ നായരും പത്രാധിപസ്ഥാനത്തുണ്ട്.

അവരാണെങ്കിലോ ബഷീറിന്റെ ആത്മസുഹൃത്തുക്കൾ. ആ സൗഹൃദം എപ്പോഴും പങ്കിടുന്നവർ; പതിവു സന്ദർശകർ.

മറ്റുള്ളവർ ചെന്നാൽ ഒരഭിമുഖത്തിലൊതുക്കും ബഷീർ. അതും തരപ്പെടാത്തവർ തങ്ങളുടെ ബേപ്പൂർ യാത്രയും വൈലാലിൽ വീട്ടിൽ സന്ധിച്ച ബഷീറിനെക്കുറിച്ചുള്ള വിവരണവും കൊണ്ട് തൃപ്തിപ്പെടും. ഒത്താൽ ബഷീറിന്റെ 'സ്പെഷ്യൽ ഫോട്ടോഗ്രാഫർ' പുനലൂർ രാജനിൽ നിന്ന് ഒന്നോ രണ്ടോ ഫോട്ടോഗ്രാഫുകളും സ്വന്തമാക്കും.

അപ്പോഴാണ് സാഹിത്യത്തിലെയും പത്രപ്രവർത്തനത്തിലെയും 'അനാഗതശ്മശ്രു'വായ ഒരുവൻ കഥ ചോദിച്ചു ചെല്ലുന്നത്! രണ്ടും കല്പിച്ച് കോഴിക്കോട്ടേക്ക് 'രാത്രിവണ്ടി' കയറി. രാവിലെ കുളിച്ചൊരുങ്ങി ബേപ്പൂർക്ക് തിരിച്ചു. ഇടവഴിതാണ്ടി 'വൈലാലിൽ' വീട്ടിലെത്തുമ്പോൾ മാംഗോസ്റ്റിൻ മരത്തണലിൽ പതിവുപോലെ ചാരുകസേരയിൽ സാക്ഷാൽ ബേപ്പൂർ സുൽത്താനായ ബഷീർക്ക. തൊട്ടടുത്ത് ബഷീറിന്റെ പ്രസിദ്ധമായ ഗ്രാമഫോൺ പെട്ടി. സ്റ്റീൽ മൊന്തയിൽ ചൂടുള്ള 'സുലൈമാനി'. സ്റ്റൂളിൽ എഴുതിത്തീർന്നതും എഴുതാനുമുള്ള കടലാസുകൾ, പേനകൾ, പെൻസിൽ. താഴെ തറയിൽ വരിവരിയായി ചോണനുറുമ്പുകൾ.

ഞാൻ കൈകൂപ്പി സ്വയം പരിചയപ്പെടുത്തി. ദീപിക പത്രത്തെ അറിയാം. ധാരാളം വായിച്ചിട്ടുണ്ട്. അച്ചന്മാരെ എന്റെ അഭിവാദ്യങ്ങളും അന്വേഷണങ്ങളും അറിയിക്കൂ.

അതിനല്ലല്ലോ ഞാൻ വന്നിരിക്കുന്നത്! മനസ്സു മന്ത്രിച്ചു.

മുഖത്തു പ്രകാശം പരത്തി ഞാൻ മൊഴിഞ്ഞു: "ദീപികയുടെ വിശേഷാൽ പ്രതിക്ക് അങ്ങയുടെ ഒരു കഥ വേണം. എന്റെ നിലനില്പിന്റെ പ്രശ്നമാണ്, സഹായിക്കണം."

ബഷീർ ഇത്തിരിനേരം മിണ്ടാതിരുന്നു. എന്തോ അഗാധമായ ചിന്തയിലാണ്ടപോലെ. വലിവു വർധിച്ചു. പഴയ ഫയൽവാൻ ശ്വാസമെടുക്കാൻ പ്രയാസപ്പെട്ട് ചാരുകസേരക്കാലിൽ കൈയമർത്തി. ഒന്നു രണ്ടു നിമിഷം പിന്നിട്ടു. തെല്ല് ആശ്വാസമായപ്പോൾ ഒന്നു കാർക്കിച്ചു തുപ്പി.

വീടിനകത്തേക്കു നോക്കി പ്രിയപ്പെട്ട ഭാര്യ ഫാബിയെ വിളിച്ചു. 'നല്ല ചൂടുള്ള സുലൈമാനി' എനിക്ക് തരാനാണ്. വൈകാതെ നല്ല ചൂടുചായ വന്നു.

കലാ കൗമുദി വിശേഷാൽ പ്രതിക്കായി എഴുതി പൂർത്തിയാക്കിയ 'പ്രേമകുരുക്കൾ' എന്റെ കൈയിൽ തന്നിട്ടു പറഞ്ഞു: "അള്ളാഹു നിങ്ങളെ അനുഗ്രഹിക്കട്ടെ."

രാവിലെ തന്നെ കലാ കൗമുദിയുടെ കോഴിക്കോട് പ്രതിനിധി കഥ വാങ്ങാൻ വരും. അതിനു മുൻപേ രക്ഷപ്പെടണം.

(കള്ളിക്കാട് രാമചന്ദ്രൻ എന്നോടു പൊറുക്കട്ടെ. 2007ൽ പത്രപ്രവർത്തകരംഗത്തെ മികച്ച സേവനത്തിനു കള്ളിക്കാട് രാമചന്ദ്രന്റെ പേരിലുള്ള അവാർഡു ഞാൻ കൈനീട്ടി വാങ്ങിയപ്പോൾ ഇക്കഥ ഓർത്തു.

അന്ന് ബഷീർക്കഥയുമായി തിരികെ കോട്ടയത്തേക്കുള്ള ബസ്സിലിരിക്കുമ്പോൾ വഴിയരികിൽ മണ്ടൻ മുത്തപ്പയെയും പൊൻകുരിശു തോമയെയും ഞാൻ തിരഞ്ഞു. കണ്ടില്ല. കുറ്റിപ്പുറം വഴിയിൽ കാട്ടുപൊന്തയ്ക്കരുകിൽ 'പാത്തുമ്മയുടെ ആട്' പച്ചില തെരഞ്ഞു മേയുന്നതു കണ്ടു.



## ഇതാണു നിയമം

അഡ്വ. ചാർളി പോൾ
എംഎ, എൽഎൽബി, ഡിഎസ്എസ്

# പൊതുതാത്പര്യ ഹർജികൾ എന്ത്, എന്തിന്?

**പൊതുജനങ്ങളുടെ നിയമപരമായി പരിഹാരം കണ്ടെത്തേണ്ടുന്ന പ്രശ്നങ്ങൾക്ക് (അവയ്ക്ക് നിലവിൽ നിയമമുണ്ടെങ്കിലും ഇല്ലെങ്കിലും) പരിഹാരം കാണാൻ നീതി നിഷേധിക്കപ്പെടുന്നവർക്ക് വേണ്ടി അല്ലെങ്കിൽ സമൂഹത്തിന്റെ പൊതുവായ നന്മയ്ക്കും (Probono Publico) നിയമ വാഴ്ചയ്ക്കും വേണ്ടി ഒരു വ്യക്തിയോ (Public Spirited Person) സംഘടനയോ കോടതിയിൽ വ്യവഹാരം നടത്തുന്നതിനാണ് പൊതുതാത്പര്യ ഹർജികൾ (Public Interest Litigation) എന്നു പറയുന്നത്.**

ജനങ്ങളുടെ പൊതുതാത്പര്യം (Public Interest) സംരക്ഷിക്കുന്നതിനും സാമൂഹ്യനീതി ഉറപ്പാക്കുന്നതിനുമുള്ള ഒരുപാധിയാണ് പൊതുതാത്പര്യ ഹർജികൾ (Public Interest Litigation). അമേരിക്കയടക്കമുള്ള വികസിതരാജ്യങ്ങളിൽ നീതിന്യായരംഗത്ത് വളർന്നുവന്ന സമ്പ്രദായമാണിത്. പങ്കാളിത്ത ജനാധിപത്യ സമ്പ്രദായത്തിന്റെ (Participatory Democratic System) ആവശ്യമായി ഇത് അംഗീകരിക്കപ്പെട്ടു കഴിഞ്ഞു.

1976 കാലഘട്ടത്തിലാണ് പൊതുതാത്പര്യ ഹർജി സമ്പ്രദായത്തിന് ഇന്ത്യയിൽ തുടക്കം കുറിച്ചത്. ദരിദ്രരായ, നിരക്ഷരരായ, ദുർബലരായ ജനവിഭാഗത്തിന്റെ പൊതുതാത്പര്യങ്ങൾ സംരക്ഷിക്കുവാൻ സ്റ്റാറ്റ്യൂട്ടറി നിയമത്തിന്റെ നടപടിചട്ടങ്ങൾ വേണ്ടത്ര സഹായകമായിരുന്നില്ല. "ലോക്കസ് സ്റ്റാൻഡി" (Locus standi) എന്ന ചട്ടമനുസരിച്ച് അവകാശലംഘനത്തിന് വിധേയനായ വ്യക്തിക്ക് മാത്രമേ കോടതിയുടെ സംരക്ഷണം തേടുവാൻ അർഹതയുണ്ടായിരുന്നുള്ളൂ. യഥാർത്ഥത്തിൽ ഈ സാങ്കേതികത്വം നീതി നിഷേധത്തിന് വഴിവച്ചു.

അവകാശങ്ങളെക്കുറിച്ചുള്ള അജ്ഞത, അവസരസമത്വം, ഭാരിച്ച കോടതി ചെലവുകൾ, സാമൂഹ്യ പിന്നോക്കാവസ്ഥ, സ്വയം സഹിക്കുവാൻ വിധിക്കപ്പെട്ട മനോഭാവം എന്നിവ മൂലം പലർക്കും കോടതിയെ സമീപിക്കാൻ സാധിച്ചില്ല. എസ്.പി.ഗുപ്തയും ഭാരത സർക്കാരും തമ്മിലുള്ള കേസ്സിൽ (AIR 1982, SC 149) കോടതി ചട്ടങ്ങളിൽ ആവശ്യമായ അയവുകൾ വരുത്തി. ഉത്തമ വിശ്വാസത്തോടെ, പൊതുതാത്പര്യ സംരക്ഷണാർത്ഥം കോടതിയെ സമീപിക്കുന്നതിന് പൊതുപ്രവർത്തകർക്കും സന്നദ്ധ സംഘടനകൾക്കും അവകാശമുണ്ടെന്ന് സുപ്രീം കോടതി പ്രഖ്യാപിച്ചു. നിയമവാഴ്ച നിലനിർത്താൻ പൊതുതാത്പര്യ ഹർജി സമ്പ്രദായം അനിവാര്യമാണെന്ന് അന്നത്തെ ചീഫ് ജസ്റ്റീസ് ഭഗവതി അഭിപ്രായപ്പെടുകയും ചെയ്തു. സുപ്രീംകോടതിയുടെ ഈ പ്രഖ്യാപനം ഇന്ത്യയിലെ നീതിന്യായ നിർവഹണ രംഗത്ത് വിപ്ലവകരമായ മാറ്റം സൃഷ്ടിക്കാൻ സഹായകമായിത്തീർന്നു.



കോടതികളുടെ സഹായ സഹകരണത്താൽ മൗലികാവകാശ സംരക്ഷണം പൊതുതാത്പര്യ ഹർജികളിലൂടെ ലഭിക്കുന്നുവെന്നതാണ് പരമപ്രധാനമായ നേട്ടം. സുതാര്യത നിലനിർത്തി, സ്വേച്ഛാപരമായതോ ഏകാധിപത്യ സ്വഭാവമുള്ളതോ ആയ പ്രവണതകൾ മുളയിലെ നുള്ളുന്നതിന് ഇത്തരം ഹർജികൾ മൂലം സാധിക്കും. സാമൂഹ്യ വിപത്തുകൾക്കെതിരെ പങ്കാളിത്തനീതി ലക്ഷ്യമിട്ടുള്ള ഒരു പാലന പ്രക്രിയയായി പൊതുതാത്പര്യ ഹർജികളെ കാണാം.

സാധാരണ ഹർജി ഒരു പൗരന് വ്യക്തിപരമായി നീതി നിഷേധിക്കപ്പെടുന്നതിനെതിരെ ഫയൽ ചെയ്യപ്പെടുന്നവയാണ്. എന്നാൽ ജനാധിപത്യ സമ്പ്രദായം നിലവിലുള്ള രാജ്യങ്ങളിൽ പൊതുജനങ്ങളുടെ നിയമപരമായി പരിഹാരം കണ്ടെത്തേണ്ടുന്ന പ്രശ്നങ്ങൾക്ക് (അവയ്ക്ക് നിലവിൽ നിയമമുണ്ടെങ്കിലും ഇല്ലെങ്കിലും) പരിഹാരം കാണാൻ നീതി നിഷേധിക്കപ്പെടുന്നവർക്ക് വേണ്ടി അല്ലെങ്കിൽ സമൂഹത്തിന്റെ പൊതുവായ നന്മയ്ക്കും (Probono Publico) നിയമ വാഴ്ചയ്ക്കും വേണ്ടി ഒരു വ്യക്തിയോ (Public Spirited Person) സംഘടനയോ കോടതിയിൽ വ്യവഹാരം നടത്തുന്നതിനാണ് പൊതുതാത്പര്യ ഹർജികൾ (Public Interest Litigation) എന്നു പറയുന്നത്.

പൊതുതാത്പര്യ ഹർജികൾ പരിഗണിക്കാൻ ഭരണഘടനാവകുപ്പ് 32, 139, 226, 227 പ്രകാരം കോടതിക്ക് പ്രത്യേക അധികാരമുണ്ട്, (Special Original Jurisdiction). പൊതുതാത്പര്യ ഹർജികളെ "PIL" എന്ന ചുരുക്കപ്പേരിലും വിളിക്കുന്നു.

പൊതുതാത്പര്യ ഹർജികൾ 32 അല്ലെങ്കിൽ 139 വകുപ്പ് പ്രകാരം സുപ്രീംകോടതിയിലും 226, 227 എന്നീ വകുപ്പുകൾ പ്രകാരം ഹൈക്കോടതികളിലുമാണ് ഫയൽ ചെയ്യേണ്ടത്. പൊതുതാത്പര്യ ഹർജി ഫയലിൽ സ്വീകരിക്കുന്നതിന് ചില നിബന്ധനകൾ ബാധകമാണ്. ഹർജിക്കാരന് ഹർജി നല്കാൻ എന്തവകാശം എന്ന കാര്യം (Locus Standi) കോടതി ആദ്യം പരിഗണനാ വിധേയമാക്കും. ഹർജിക്കാരൻ ഒരു സാമൂഹ്യപ്രവർത്തകൻ (Public Spirited Person) ആയിരിക്കണം. അത് വ്യക്തി താത്പര്യത്തിനാവരുത്. മറിച്ച് പൊതുതാത്പര്യം (Probono Publico) മുന്നിൽ കണ്ടുകൊണ്ടാവണം. ദാരിദ്ര്യം കൊണ്ടോ അജ്ഞതകൊണ്ടോ നീതി നിഷേധിക്കപ്പെട്ടവരെ പ്രതിനിധീകരിക്കുന്നവയ്ക്ക് മുൻഗണന നല്കിയിട്ടുണ്ട്. സാമൂഹ്യ-സന്നദ്ധ സംഘടനകളെ പ്രതിനിധീകരിച്ചും പൊതുതാത്പര്യ ഹർജികൾ സമർപ്പിക്കാം.

രണ്ടാമതായി പരിഗണിക്കുന്നത്, പറയുന്ന നീതിനിഷേധം സർക്കാർ അധികാരികളുടെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ടോ നിലവിലുള്ള മറ്റ് സംവിധാനങ്ങളിലൂടെ പരിഹാരം തേടാൻ ശ്രമിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അതെത്രത്തോളം ഫലവത്തായി എന്നതാണ്. അതിന്റെ കാരണം നിയമവാഴ്ച ഉറപ്പുവരുത്തേണ്ടത് സർക്കാരാണ്. നിയമമുണ്ടാക്കേണ്ടത് നിയമസഭയും. നീതിനിർവഹണമാണ് കോടതികൾക്കുള്ളത്. ഓരോ വിഭാഗവും അവരവരുടെ കടമകളാണ് നിർവഹിക്കേണ്ടത്. മറ്റുള്ളവരുടെ ഉത്തരവാദിത്വങ്ങളിലേക്ക് അതിക്രമിച്ച് കടക്കരുതെന്നാണ് നിയമം. എന്നാൽ മറ്റ് പരിഹാരമാർഗങ്ങൾ (Alternative Redu-ssal Machinery) സ്വീകരിച്ചില്ല എന്ന കാരണത്താൽ ഹർജി തള്ളപ്പെടണമെന്നില്ല.

>> 16

## അറിയേണ്ടും വാർത്തകൾ

### യൂറോപ്പിൽ തൊഴിൽ രഹിതരുടെ എണ്ണം സർവകാല റെക്കോർഡിൽ




ഇരുപത്തിയേഴ് രാഷ്ട്രങ്ങളുടെ കൂട്ടായ്മയായ യൂറോപ്യൻ യൂണിയന് മുന്നിലെ ഏറ്റവും സങ്കീർണമായ പ്രതിസന്ധിയായി തൊഴിലില്ലായ്മ സർവകാല റെക്കോർഡിലെത്തി. യൂറോസ്റ്റാറ്റ് എന്ന ഏജൻസിയുടെ റിപ്പോർട്ടാണ്, ഒന്നൊഴിയാതെ യൂറോപ്യൻ യൂണിയനിലെ എല്ലാ രാജ്യങ്ങളും ഈ വിഷമവൃത്തത്തിലാണെന്ന് വ്യക്തമാക്കുന്നത്.

മാർച്ചിൽ യൂറോപ്യൻ യൂണിയനിലെ തൊഴിലില്ലായ്മ നിരക്ക് 8.9 ശതമാനമായിരുന്നു. എന്നാൽ രണ്ടുമാസം കൊണ്ട് 9.2 ശതമാനമായി ഇതു വളർന്നു. ഏപ്രിലിൽ മാത്രം രണ്ടുകോടിയിലധികം പേർക്ക് തൊഴിൽ നഷ്ടപ്പെട്ടതായും റിപ്പോർട്ടിൽ പറയുന്നു. മാർച്ചിലെ തൊഴിൽ നഷ്ടത്തെക്കാൾ 5,56,000 എണ്ണം കൂടുതലാണിത്. കൂടാതെ യൂറോപ്പിന് വെളിയിൽ തൊഴിൽ തേടി പോയവരുടെ എണ്ണത്തിലും വൻവർധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 3,96,000 ആയിരുന്നു യൂറോപ്പിന് വെളിയിൽ ജോലിചെയ്തിരുന്നവരുടെ എണ്ണമെങ്കിൽ അത് ഒന്നരക്കോടിയോളമായി വർധിച്ചിരിക്കുന്നു.

| രാജ്യം | തൊഴിലില്ലായ്മ നിരക്ക് ശതമാനത്തിൽ |
|---|---|
| സ്പെയിൻ | 18.1 |
| ലാത്വിയ | 17.4 |
| ലിത്വാനിയ | 16.8 |
| സൈപ്രസ് | 5.4 |
| ഓസ്ട്രിയ | 4.2 |
| നെതർലാൻഡ്സ് | 3 |

സ്പെയിൻ, ലാത്വിയ, ലിത്വാനിയ എന്നീ രാജ്യങ്ങളിലാണ് ഏറ്റവും കൂടുതൽ പേർക്ക് തൊഴിൽ നഷ്ടപ്പെട്ടത്. നെതർലാൻഡ്സ്, ഓസ്ട്രിയ, സൈപ്രസ് എന്നീ രാജ്യങ്ങളിൽ താരതമ്യേന കുറഞ്ഞ തൊഴിലില്ലായ്മ നിരക്കാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

യൂറോപ്പിലെ ഏറ്റവും വലിയ സാമ്പത്തിക ശക്തിയായ ജർമനിയിലാണ് ഏറ്റവും കൂടുതൽ പേർക്ക് തൊഴിൽ നഷ്ടപ്പെട്ടത് എന്നത് മേഖലയിലാകെ അസ്വസ്ഥത പടർത്തിയിരിക്കുന്നു. 1993 നവംബർ ഒന്നിനാണ് യൂറോപ്യൻ യൂണിയൻ ഔദ്യോഗികമായി നിലവിൽ വന്നത്. സാമ്പത്തികമായും രാഷ്ട്രീയമായും സുശക്തമായ ഒരു കൂട്ടായ്മയായിരുന്നു ലക്ഷ്യം. സാങ്കേതികമായി ആ ലക്ഷ്യം നിറവേറി എന്നു തന്നെ പറയാം.

പക്ഷേ, ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ പ്രതിഫലനങ്ങൾ ഏറ്റവും കൂടുതൽ ദൃശ്യമാകുന്നതും യൂറോപ്യൻ യൂണിയനിലെ ഒന്നാംകിട രാഷ്ട്രങ്ങളിലാണ്. എല്ലാ രാജ്യങ്ങളുടെയും ഭരണകർത്താക്കൾ രാജ്യപുരോഗതിയിലും, അതിന് കോട്ടം തട്ടാതെ നിലനിർത്തുന്നതിലും എത്രമാത്രം ജാഗ്രത്താവണമെന്ന മുന്നറിയിപ്പാണ് യൂറോപ്യൻ യൂണിയനിലെ വൻകിട രാഷ്ട്രങ്ങൾക്ക് നേരിടേണ്ടിവന്നിരിക്കുന്ന സാമ്പത്തിക തിരിച്ചടി നല്കുന്നത്.

CYAN MAGENTA YELLOW BLACK

# ബാലലോകം

## സിപ്പിയങ്കിളും കുട്ട്യോളും

## രണ്ടു കഴുതകൾ

*പ്രിയ കൂട്ടുകാരേ,*

**വാ**യന ഒരു വലിയ അനുഭവമാണ്. "വായിച്ചാലും വളരും; വായിച്ചില്ലെങ്കിലും വളരും. വായിച്ചു വളർന്നാൽ വിളയും. വായിക്കാതെ വളർന്നാൽ വളയും"- എന്ന് പ്രിയങ്കരനായ കുഞ്ഞുണ്ണി മാഷ് പറഞ്ഞത് ഓർക്കുന്നില്ലേ? വായിക്കാതെ വളരുന്ന ഒരു പുതിയ തലമുറയാണ് ഇന്നുള്ളത്. പുസ്തകങ്ങളുടെയും പുസ്തകവായനയുടെയും വില പലരും മനസ്സിലാക്കുന്നില്ല.

ഗ്രീക്ക് ചിന്തകനായിരുന്ന സോക്രട്ടീസിനോട് ഒരിക്കൽ ഒരാൾ ചോദിച്ചു: " ഗുരോ, എന്റെ മകനെ ഒരു പണ്ഡിതനാക്കണമെന്നാണ് ആഗ്രഹം. ഇതിനായി ഞാൻ ചെയ്യേണ്ട പ്രധാനകാര്യം എന്താണ്?"

"അവന് ധാരാളം നല്ല പുസ്തകങ്ങൾ വാങ്ങികൊടുക്കൂ. അവൻ വായിച്ചു വളരട്ടെ"- സോക്രട്ടീസ് മറുപടി നല്കി.

"ഹോ! അതെന്തിനാ ഗുരോ പുസ്തകങ്ങൾ? പുസ്തകം വാങ്ങുന്ന പണമുണ്ടെങ്കിൽ ഒരു നല്ല കഴുതയെ വാങ്ങാമല്ലോ?" -അയാൾ സോക്രട്ടീസിനെ ആക്ഷേപിക്കാൻ ശ്രമിച്ചു.

" ങ്ഹാ, അങ്ങനെ ചെയ്യുന്നതിൽ കുഴപ്പമില്ല. പക്ഷേ അപ്പോൾ ഒന്നിനു പകരം രണ്ട് കഴുതകളെ കിട്ടും!"- സോക്രട്ടീസ് തിരിച്ചടിച്ചു. അയാൾ ഇളിഭ്യനായി നടന്നകന്നു.

പുസ്തകങ്ങൾ വാങ്ങുന്നതും അവ സൂക്ഷിക്കുന്നതും താത്പര്യപൂർവം വായിക്കുന്നതും ഒരിക്കലും ഒരു നഷ്ടമല്ല. അവയുടെ മുതലും പലിശയുമെല്ലാം കൃത്യമായി നമുക്ക് കിട്ടിക്കൊണ്ടിരിക്കും.

"വായനയെന്നാൽ ഹൃദയത്തിന്നതു

ഭക്ഷണമാണെന്നറിയുക നാം"- എന്ന കവിവചനം ഓർമിക്കുക. വായന ഹൃദയത്തിന്റെ വികാസത്തിനുള്ള ഒരു ഒറ്റമൂലിയാണ്. വായിക്കുന്തോറും നാം അറിവിന്റെയും നെറിവിന്റെയും ഉടമകളായി മാറും.

നമ്മുടെ മുൻ രാഷ്ട്രപതിയും പ്രശസ്ത അധ്യാപകനുമായ ഡോ.എസ്. രാധാകൃഷ്ണൻ പറയുന്നതിങ്ങനെയാണ്: "മറ്റെല്ലാം നമ്മെ കൈവെടിഞ്ഞെന്നു വരാം. എന്നാൽ നല്ല പുസ്തകങ്ങൾ എന്നും നമ്മുടെ ആത്മമിത്രങ്ങളായിരിക്കും."

"പുസ്തകങ്ങൾ വായിക്കാൻ സമയമില്ലെന്ന് പറയുന്നവർ ബുദ്ധിപരമായ ആത്മഹത്യയ്ക്ക് ഒരുങ്ങുന്നവരാണെ"ന്ന് തോമസ് ഡ്രയർ എന്ന മഹാൻ പറയുന്നു.

വ്യക്തിത്വവികാസത്തിനും ജീവിത നവീകരണത്തിനും ഉതകുന്ന നല്ല പുസ്തകങ്ങൾ കുട്ടിക്കാലം മുതൽ തന്നെ നാം വായിച്ചു തുടങ്ങണം. "വായന വാസനയ്ക്കുള്ള വളം" എന്ന ചൊല്ല് നാം ഒരിക്കലും മറക്കാതിരിക്കുക.

*സസ്നേഹം*

**സിപ്പിയങ്കിൾ**

## കുട്ടിക്കവിത

## കച്ചേരി

*മിന്നൽപ്പിണരുകൾ വെള്ളിവെളിച്ചം*
*വാരിത്തൂകും രാവുകളിൽ,*
*മാനം കനിയും നേരം വയലുകൾ*
*കുളിരിൽ മുങ്ങി മയങ്ങുമ്പോൾ,*
*ഇടവഴി തന്നിൽ തവളച്ചാരുടെ*
*കാതു തുളയ്ക്കും കച്ചേരി.*
*ആസ്വാദകരില്ലെന്നാകിലുമീ-*
*യിടവപ്പാതി കനക്കുമ്പോൾ,*
*പാടാതെങ്ങനെ പുലരും പുളകം*
*കരളിൽ നിറഞ്ഞ കലാകാരൻ ?*

**കാവ്യദാസ് ചേർത്തല**



## സ്വർണവിളക്ക്

### ബാലനോവൽ – 18

### അന്തീനാട് ജോസ്

**ലാ**വോസ് സ്വർണവിളക്കും കടിച്ചുപിടിച്ച് കഴിയുന്നത്ര ശക്തി സംഭരിച്ചു മറുകരതാണ്ടുകയായിരുന്നു. എങ്ങനെയെങ്കിലും കരയിലെത്തുകയായിരുന്നു അവന്റെ ലക്ഷ്യം. അങ്ങനെ നീന്തിക്കൊണ്ടിരിക്കെയാണ് പെട്ടെന്നു കാലിൽ മുതല പിടിച്ചത്.

അവൻ ഭയന്നുവിറച്ചു. എങ്കിൽ ഒരു കൈ പയറ്റാൻ തന്നെ ലാവോസ് തീരുമാനിച്ചു. അവൻ ചുണ്ടിൽ കടിച്ചുപിടിച്ചിരിക്കുന്ന സ്വർണവിളക്ക് കരയിലേക്ക് എറിഞ്ഞു.

അതു വലിയൊരു ശബ്ദത്തോടെ നദിക്കരയിലെ മണൽതിട്ടയിൽ വീണു.

അവൻ സർവശക്തിയുമെടുത്ത് മുതലയുടെ വായിൽ നിന്നും കാൽ വലിക്കാൻ ശ്രമിച്ചു.



പക്ഷേ ആ ശ്രമം വിഫലമായിപ്പോയി. അപ്പോൾ മുതലയുടെ കടി ഒന്നുകൂടി ശക്തമായി. തന്നെയുമല്ല അത് അവനെ കൂടുതൽ ആഴത്തിലേക്കു വലിച്ചു താഴ്ത്താൻ ശ്രമിച്ചു. അവൻ മുതലയുടെ തലയിൽ ശക്തിയായൊരടി കൊടുത്തു. എങ്ങനെയും വായിൽ നിന്നും കാലൊന്ന് വിമുക്തമാക്കണം. എങ്കിലേ രക്ഷപ്പെടാൻ കഴിയുകയുള്ളു.

അവൻ എത്ര ശ്രമിച്ചിട്ടും അതിന്റെ വായിൽ നിന്നും കാൽ വലിച്ചെടുക്കാൻ കഴിഞ്ഞില്ല. അതിനു ശ്രമിക്കുന്തോറും പിടിമുറുകുകയാണ്.

നിമിഷങ്ങൾ ഒന്നൊന്നായി നീങ്ങി. ആ സമയത്താണ് എവിടെനിന്നോ ഒഴുകി വന്ന കൂർത്തുമൂർത്ത ഒരു കാട്ടുകമ്പ് അവന്റെ ശ്രദ്ധയിൽപ്പെട്ടത്. അതിൽ അങ്ങിങ്ങായി കൂർത്ത മുള്ളുകളുമുണ്ടായിരുന്നു. പെട്ടെന്ന് അവന്റെ കുരുന്നു മനസ്സിൽ ഒരു ബുദ്ധി തോന്നി. അവൻ ഒരു കൈകൊണ്ട് ആ കമ്പെടുത്ത് മുതലയുടെ പിളർന്ന വായിലേക്ക് കുത്തിയിറക്കി. അവൻ തന്റെ മുഴുവൻ ശക്തിയും ആ കമ്പിലേക്ക് പ്രയോഗിച്ചു. കമ്പ് ഒരു ശബ്ദത്തോടെ മുതലയുടെ വായിലേക്ക് തുളഞ്ഞുകയറി. മുതലയുടെ വായിലൂടെ രക്തം വാർന്നൊഴുകി. നീലജലം ചുവപ്പായി മാറി.

അവന്റെ കാൽ മുതലയുടെ വായിൽ നിന്നു സ്വതന്ത്രമായി.

അപ്പോഴേക്കും മറ്റു മുതലകൾ അവനു നേരെ പാഞ്ഞുവരുന്നതു കണ്ടു. അവൻ വേഗം നീന്തി നദിയുടെ കരയിലെത്തി. അതുകൊണ്ട് രക്ഷപ്പെട്ടു. കരയ്ക്കുകയറി അവൻ ഇടിവെട്ടേറ്റപോലെ നിന്നു.

സ്വർണവിളക്ക് കാണുന്നില്ല!

കണ്ണുകളുടെ കാഴ്ച നശിച്ചതുപോലെ ലാവോസിനു തോന്നി. ഒന്നും കാണാൻ കഴിയുന്നില്ല. പ്രഭാതത്തിന്റെ നേർത്ത വെളിച്ചം പോലും ഇരുളാണെന്ന് അവനു തോന്നി. തന്റെ സ്വർണവിളക്കെവിടെ? അവൻ ആ ചോദ്യം നിശബ്ദമായി കാനനത്തോടും കാട്ടാറിനോടും ചോദിച്ചു.

നിമിഷങ്ങളോളം എന്തു ചെയ്യണമെന്നറിയാതെ അവൻ മരവിച്ചു നിന്നു. അവന്റെ ചേതന മഞ്ഞുകട്ടപോലെ മരവിച്ചിരുന്നു. എന്തു ചെയ്യണമെന്നു യാതൊരു പിടിയുമില്ല.

അവൻ സ്വപ്നത്തിൽ പോലും കരുതാത്ത ഒരു രംഗമായിരുന്നു അത്. ഇത്രപെട്ടെന്ന് ആ വിളക്ക് കാണാതാകുക! എന്തൊരു മറിമായമാണിത്. ഏതോ ഒരു ദുഃസ്വപ്നം കണ്ടുണർന്നതു പോലെ അവൻ തളർന്നു.

കാലുകൾക്ക് ത്രാണിയില്ല, തല ചുറ്റുന്നു. ശരീരമാകെ വിയർത്തൊലിക്കുന്നു. ശരീരത്തിലെ രക്തം ഒന്നാകെ ആവിയായിപ്പോകുന്നതു പോലെ. ഇനി എവിടെച്ചെന്നു വിളക്കുണ്ടാക്കാനാണ്?

ഈ സമയം കൊണ്ട് ആരായിരിക്കും വിളക്ക് മോഷ്ടിച്ചത്? ഒരു പക്ഷേ കാട്ടുരാജാവിന്റെ ആരെങ്കിലുമായിരിക്കുമോ?

എന്തുമാത്രം കഷ്ടപ്പെട്ടാണ് ആ സ്വർണവിളക്ക് ഒന്നു കരസ്ഥമാക്കിയത്. എത്ര ദിവസം വനാന്തരങ്ങളിലൂടെ അലഞ്ഞു നടന്നു. അതിനിടെ എത്രയെത്ര കൊള്ളക്കാരുടെ പീഡനങ്ങൾ ഏല്ക്കേണ്ടി വന്നു.

എല്ലാം ഒരു നിമിഷം കൊണ്ടു നഷ്ടപ്പെട്ടിരിക്കുന്നു. മീനോസിന്റെ കാര്യം ഓർത്തപ്പോൾ അവൻ പൊട്ടിക്കരഞ്ഞു. പാവം, ഇനി മരിക്കാൻ രണ്ടേ രണ്ടു ദിവസങ്ങളേയുള്ളൂ. ആരും തീരത്തു വന്നതായി കണ്ടിട്ടില്ല.

അവൻ മണൽത്തിട്ടയിലിരുന്നു പുഴയിലേക്കു നോക്കി പൊട്ടിക്കരഞ്ഞു. ജീവിതത്തിൽ ആദ്യമായയാണ് ലാവോസ് ഇങ്ങനെ കരയുന്നത്.

അവന്റെ കണ്ണുകൾ രണ്ടും നിറഞ്ഞൊഴുകിക്കൊണ്ടിരുന്നു. നദിയിൽ പിന്നെയും മുതലകൾ ഉയരുകയും താഴുകയും ചെയ്തു. ഓളങ്ങളും ഒഴുക്കുമില്ലാതെ ശാന്തമായി ഒഴുകുന്ന നദി. നദി ഒരു ദുഃഖസാഗരമായി അവനുതോന്നി.

(തുടരും)

CYAN MAGENTA YELLOW BLACK